# വ്യവസായപുരോഗതിയോ, സുഖജീവിതമോ?

ഡോക്ടർ കെ. ഭാസ്കരൻ നായർ

**ഈ പുണ്യഭൂമിയിൽ ഹൃദയശൂന്യമായ ഒരു അസുര സമുദായത്തെ നിലവിൽ വരുത്തുവാൻ ഇടയാക്കുന്ന ഇന്നത്തെ വികസനസമ്പ്രദായത്തെ നിയന്ത്രിച്ച് നമ്മുടെ സന്താനങ്ങളെയെങ്കിലും രക്ഷിക്കുക**

"ഇന്ത്യയല്ല, അമേരിക്കയാണ് ജനപ്പെരുപ്പം മൂലമുള്ള ഞെരുക്കം അനുഭവിക്കുന്നത്" എന്ന് അമേരിക്കൻ ശാസ്ത്രജ്ഞനായ വെയ്ൻ ഡേവിസ് 1970–ൽ ന്യൂദൽഹിയിൽ ചെയ്ത ഒരു പ്രസംഗത്തിൽ പ്രസ്താവിച്ചു. അദ്ദേഹത്തിന് നാക്കുപിണങ്ങിയതാണെന്നാണ് ശ്രോതാക്കൾ വിചാരിച്ചത്. പക്ഷേ, ഉടനെതന്നെ അദ്ദേഹം പറഞ്ഞു: ''എനിക്കു തെററുപററിയതല്ല. ഞാൻ അറിഞ്ഞുകൊണ്ടുതന്നെ ചെയ്ത പ്രസ്താവനയാണ്. പ്രകൃതിയെ കീഴടക്കാമെന്ന വ്യാമോഹവും കീഴടക്കണമെന്ന അഹങ്കാരവും അമേരിക്ക വെച്ചുപുലർത്തുന്നു. അതൊരു അതിവികസിത(Over develop–ed) രാജ്യമായിത്തീർന്നിരിക്കുന്നു. ഇന്ത്യ ദരിദ്രമാണ്. ഗ്രാമരാജ്യമാണ്. സാധുവായ ഇന്ത്യക്കാരൻ മൺകുടിലിൽ താമസിക്കുകയും ചാണകവരളി കത്തിക്കുകയും പോഷകമൂല്യമില്ലാത്ത ആഹാരം കഴിച്ച് ജീവിക്കുകയും ചെയ്യുന്നു. പക്ഷേ, അവൻ പ്രകൃതിയുടെ മേൽ വെറും നഖക്ഷതങ്ങൾ മാത്രമേ ഏല്പിക്കുന്നുള്ളൂ. തന്റെ പ്രാണങ്ങളെ പോററുവാൻവേണ്ടി അവൻ ചുററുപാടുകളെ എന്നെന്നേയ്ക്കുമായി നശിപ്പിക്കുന്നില്ല. അവൻ മാലിന്യത്തിൽ ജീവിക്കുന്നു. എന്നു വരികിലും, പ്രകൃതിക്കും കാലത്തിന്നും നിർമാർജനം ചെയ്യാൻ കഴിയുന്ന മാലിന്യമാണത്. അമേരിക്കയിൽ ജനിക്കുന്ന ഓരോ മനുഷ്യനും, ഒരു ഇന്ത്യക്കാരനെ അപേക്ഷിച്ച് അമ്പത് ഇരട്ടി പ്രകൃതിവിഭവങ്ങൾ അവശ്യം ഉപയോഗിക്കേണ്ട ജീവിതമാണ് നയിക്കുവാൻ പോകുന്നത്. അവൻ ഭൂമിക്ക് അമ്പത് ഇരട്ടി കൂടുതൽ ഭാരമായിത്തീരുമെന്നർത്ഥം. അതുകൊണ്ട് അമേരിക്കയിലെ ജനസംഖ്യ ഇരുപതു കോടിയെന്നു കണക്കാക്കിയാൽ പോരാ, അതിന്റെ അമ്പത് ഇരട്ടിയായ ആയിരം കോടിയാണെന്നു കരുതണം.''

## ജീവിതം ദുസ്സഹം

ഇത് പത്തു കൊല്ലം മുമ്പുള്ള സ്ഥിതിയാണ്. ഇന്ന് ആ നഖക്ഷതങ്ങൾ നരകക്ഷതങ്ങളായി മാറിയിരിക്കുന്നു. ഇന്ത്യയിലെ ജനസംഖ്യ അന്നത്തേതിനെക്കാൾ പത്തു കോടിയെങ്കിലും അധികമായിരിക്കുന്നു. അതിലൊന്നും ആർക്കും, ഗവർമെണ്ടുകൾക്കോ രാഷ്ട്രീയപ്പാർട്ടികൾക്കോ ബുദ്ധിജീവികൾക്കോ ഒന്നും പരിഭ്രമമില്ല. നാം വ്യവസായ രാഷ്ട്രങ്ങളുടെ ഇടയ്ക്കു പത്താം സ്ഥാനത്ത് എത്തിയിരിക്കുന്നു എന്ന വസ്തുതയാണ് എല്ലാവരും അഭിമാനത്തോടും ആവേശത്തോടുംകൂടി അനുസ്മരിക്കുന്നത്. പക്ഷേ, ഈ രാജ്യത്തെ ജീവിതം പത്തു വർഷം മുമ്പുള്ളതിനെ അപേക്ഷിച്ച പത്തിരട്ടിയെങ്കിലും ദുസ്സഹമായിരിക്കുന്നു എന്ന ഭയാനകമായ വസ്തുതയുടെ നേർക്ക് എല്ലാവരും കണ്ണടയ്ക്കുകയാണ്. സ്വർഗലോകത്തിന്റെ കൃപാമൃതം പോലെ ഈ മണ്ണിൽ വീഴുന്ന ശുദ്ധജലം പോലും മാലിന്യം കലരാതെ മനുഷ്യന്നോ മൃഗത്തിന്നോ കുടിക്കാൻ കിട്ടുകയില്ലെന്ന് വന്നിരിക്കുന്നു. പുണ്യതീർത്ഥങ്ങളായ ഗംഗയും യമുനയും മുതൽ ഇങ്ങ് തെക്കേയററത്ത് കല്ലടയാറു വരെയുള്ള എല്ലാ നദികളും വിഷമയമായിത്തീർന്നിരിക്കുകയാണ്. അൻപതു വർഷം മുമ്പ് ഏനാത്തുപാലത്തിൽ കൂടി കടന്നുപോകുമ്പോൾ കല്ലടയാററിലെ തെളിവെള്ളത്തിൽ ധാരാളം കുട്ടികൾ കുളിച്ചുമറിയുന്നത് കാണാമായിരുന്നു. ഇന്ന് അവിടെയെങ്ങും ഒരു പശുവിനെ കുളിപ്പിക്കുന്നതു പോലും കാണാൻ സാധ്യമല്ല. പുനലൂരിലെ കടലാസ്സു ഫാക്ടറിയുടെ വ്യവസായവത്ക്കരണസേവനത്താൽ ആ വെള്ളത്തിന് കുടുക്കാമഷിയുടെ നിറം കിട്ടിയിരിക്കുന്നു! അവിടെ ആയിരമോ രണ്ടായിരമോ ആളുകൾക്ക് തൊഴില് കിട്ടി എന്നത് സത്യമാണ്. പക്ഷേ, പുനലൂർ മുതൽ തേവലക്കര വരെ ആ നദിയുടെ ഇരു കരകളിലും ജീവിക്കുന്ന ലക്ഷക്കണക്കിലുള്ള ജനങ്ങൾക്ക് ശുദ്ധജലം കിട്ടാതായി എന്നതും സത്യമാണ്. നിർഭാഗ്യവശാൽ, ഇവയിൽ ആദ്യത്തെ സത്യത്തിനു മാത്രമേ വിലയും അംഗീകാരവും ഉള്ള എന്ന സ്ഥിതിയിലാണ് ലോകം ഇന്ന് നില്ക്കുന്നത്. മററത് ശ്രദ്ധാർഹമായിപ്പോലും ആരും കരുതുന്നില്ല.

## വിഷനിക്ഷേപം

എണ്ണായിരം മൈൽ മാത്രം വ്യാസമുള്ള. മുകൾപ്പരപ്പിൽ മൂന്നിൽ രണ്ടു ഭാഗവും സമുദ്രത്താൽ മൂടപ്പെട്ട. ഈ ചെറിയ ഭുവനഗോളത്തിന് പാശ്ചാത്യസംസ്കാരം നല്കിയ മഹാനുഗ്രഹമാണിത്! സയൻസും സാങ്കേതികവിദ്യയും വ്യവസായ വിപ്ലവവും ആററംശക്തിയും രാഷ്ട്രതന്ത്രവും അർത്ഥശാസ്ത്രവും സോഷ്യലിസവും കൊണ്ട് ലോകത്തെ ധന്യപ്പെടുത്തി എന്നാണ് പ്രസ്തുത സംസ്കാരത്തിന്റെ ആരാധകന്മാർ അഭിമാനിക്കുന്നത്. ഈ സങ്കല്പത്തെ ചോദ്യം ചെയ്യുന്നവർ സാമൂഹികബോധം ഇല്ലാത്തവരും വിവരമില്ലാത്തവരും ആയി ആക്ഷേപിക്കപ്പെടുകയും ചെയ്യുന്നു. പക്ഷേ, ഇന്നിതാ ആ സംസ്കാരത്തിൽ ജനിച്ചു വളർന്നവർതന്നെ, അതിന്റെ ജനയിതാക്കളുടെ അനന്തരാവകാശികൾ തന്നെ, അതിനെ ശപിച്ചുതുടങ്ങിയിരിക്കുന്നു. 1980 ജൂൺ ആദ്യം അമേരിക്കയിൽ നിന്ന് വന്ന ഒരു റിപ്പോർട്ടനുസരിച്ച്, ലോകത്തിലെ ഏററവും വലിയ അദ്ഭുതദൃശ്യങ്ങളിലൊന്നായ നയാഗരാ ജലപാതം മറെറാരു രീതിയിൽ മനുഷ്യന്റെ സുഖജീവിതത്തെ വിലമതിക്കുന്ന എല്ലാ ജനങ്ങളുടേയും അടിയന്തിര ശ്രദ്ധയ്ക്ക് വിഷയമായിത്തീർന്നിരിക്കുന്നു. അവിടുത്തെ നഗരപ്രാന്തത്തിലുള്ള ഒരു കെമിക്കൽ ഫാക്ടറി 1950–കാലത്ത് ഉപയോഗശൂന്യമായ 20,000 ടൺ രാസവസ്തുക്കൾ ഒരു മൈൽ നീളമുള്ള ഒരു പഴയ തോട്ടിൽ നിക്ഷേപിച്ച് മണ്ണിട്ടു മൂടി. ക്രമേണ അക്കാര്യം എല്ലാവരും മറക്കുകയും അതിനു ചുററുമായി എഴുനൂറ് കുടുംബങ്ങൾ താമസമുറപ്പിക്കുകയും ചെയ്തു. പക്ഷേ, വളരെ വേഗം അവരുടെ ജീവിതം നരകമായിത്തീർന്നു. ത്വഗ്രോഗങ്ങളും ശ്വാസകോശരോഗങ്ങളും പടർന്നുപിടിച്ചു. വിഷമയമായ ഉറവകൾ വീടുകളുടെ നിലവറകളിൽ പ്രത്യക്ഷപ്പെട്ടു. ഗർഭച്ഛിദ്രം സർവസാധാരണമായി. ആജന്മവൈകല്യമുള്ള സന്താനങ്ങൾ ഉണ്ടാകുമെന്നുള്ള ഭയം ജനങ്ങളെ ബാധിച്ചു. 1978–ലാണ് ഈ മഹാ സങ്കടത്തിന്റെ കാരണം വ്യക്തമായി മനസ്സിലായത്. മഴവെള്ളത്തിൽ മേൽമണ്ണ് ഒലിച്ചുപോവുകയും അടിയിലുള്ള ഭയാനകമായ വിഷനിക്ഷേപം ആവിഷ്കൃതമാവുകയും ചെയ്തു. അതിൽ ധാരാളം ഫോസ്ഫറസ് ഉണ്ടായിരുന്നതുകൊണ്ട് മണ്ണിനു തീ പിടിച്ചതുപോലെയുള്ള ഒരു നീലലോഹിതദ്യുതി പ്രത്യക്ഷപ്പെട്ടു. കണ്ണുള്ളവക്കെല്ലാം കാണാവുന്നതും ജീവനിൽ കൊതിയുള്ളവക്കെല്ലാം സ്പഷ്ടവുമായ ഈ ആപത്തിനെപ്പററി ശാസ്ത്രജ്ഞന്മാരുടേയും വ്യവസായ വിദഗ്ധന്മാരുടേയും വാദപ്രതിവാദമാണ് പിന്നെ നടന്നത്. ഈ വിദ്വാന്മാരാരും സാധാരണ വിശ്വസിക്കുന്നതുപോലെ നിഷ്പക്ഷ ബുദ്ധികളോ, ജനങ്ങളുടെ ക്ഷേമത്തെ എന്തിനും മീതെ വില മതിക്കുന്നവരോ അല്ലെന്ന് ദിവസം തോറും കൂടുതൽ കൂടുതൽ തെളിഞ്ഞുകൊണ്ടിരിക്കുകയാണ്. കാടുകൾ നശിപ്പിക്കുന്നതുകൊണ്ട് ഒരു ദോഷവുമില്ലെന്നും, കേരളത്തിലുള്ളതു് ശരിയായ കാടുകളല്ലെന്നും വാദിക്കുന്ന ''സസ്യ ശാസ്ത്രജ്ഞന്മാരെ'' നമ്മുടെ നാട്ടിലും കാണാനുണ്ടല്ലോ!

Digitized by Kerala Sahitya Akademi

ലോകപ്രസിദ്ധമായ ആ അമേരിക്കൻ നഗരത്തിലെ ജനങ്ങഠം സഹികെട്ട് അവസാനം നിരീക്ഷകന്മാരെ വളഞ്ഞുവെയ്ക്കുകയും നിയമസഭയ്ക്കു മുമ്പിൽ സത്യാഗ്രഹം അനുഷ്ഠിക്കുകയും ചെയ്യേണ്ടിവന്നു. ഈ സന്ദർഭത്തിലാണ് പ്രാദേശികഗവർമ്മേണ്ടും കേന്ദ്രഗവർമ്മേണ്ടും ഉണർന്നത്. ആദ്യം 370 ലക്ഷം ഡോളർ ചെലവാക്കി 239 കുടുംബങ്ങളെ ശാപഗ്രസ്തമായ ആ സ്ഥലത്തുനിന്ന് മാററിത്താമസിപ്പിച്ചു. ഇപ്പോഴിതാ, അമേരിക്കൻ പ്രസിഡണ്ടു തന്നെ ഇക്കാര്യത്തിൽ ഇടപെട്ട് അവിടെയുള്ള എല്ലാ കുടുംബങ്ങഠംക്കും മോചനം നല്കിയിരിക്കുന്നു.

പരിസര സംരക്ഷണത്തിന് വിപുലമായ നിയമവ്യവസ്ഥകളും അവയെ നടപ്പിലാക്കുന്നതിന്ന് സവിശേഷമായ അധികാരങ്ങളുള്ള ഭരണവകുപ്പുകളും ഏർപ്പെടുത്തിയിട്ടുള്ള അമേരിക്കൻ ഐക്യനാടുകളിൽ വ്യവസായവത്കരണത്തിൻെറ ഗതി ഇതാണെങ്കിൽ മററു രാജ്യങ്ങളിലെ കഥ എന്തിനു പറയുന്നു! ആ രാജ്യത്തിലെ ആദിവാസികഠം ഈശ്വരൻെറ ആവാസസ്ഥാനമെന്നു വിശ്വസിച്ച് സഹസ്രാബ്ദങ്ങളായി ആരാധിച്ച സാക്ഷാൽ നയാഗരാ ജലപാതത്തിൻെറ സന്നിധാനത്തിലാണ് ഈ മഹാസങ്കടം ഉണ്ടായതെന്ന് ആലോചിക്കുമ്പോഠം ആരാണ് ഈ വ്യവസായ സംസ്കാരത്തെ ശപിക്കാത്തത്? അമേരിക്കയെ അനുകരിക്കുവാനും, വൻകിട വ്യവസായത്തിലൂടെ എത്രയും വേഗം ആ രാജ്യത്തിൻെറ ഒപ്പമെത്തുവാനും തൻെറ നാട്ടുകാർ കാണിക്കുന്ന വ്യഗ്രതയും അക്ഷമയും കണ്ട് അഗാധമായ കോപ താപങ്ങഠംക്ക് വിധേയനായി യശശ്ശരീരനായ ജെ. സി. കുമരപ്പ ഒരു സന്ദർഭത്തിൽ ഇങ്ങിനെ പറഞ്ഞു: ''അമേരിക്ക തൊടുന്നതിനെല്ലാം കുഷ്ഠം പിടിക്കുന്നു.'' (Everything that America touches becomes leprous.) ഇതിൻെറ ഫലമായിട്ടായിരിക്കാം ഗാന്ധിശിഷ്യനായ ആ ദേശഭക്തൻ കമ്മ്യൂണിസ്റ്റാണെന്നും റഷ്യൻ അനുഭാവിയാണെന്നും ഉള്ള ആരോപണം ഉണ്ടായത്. സത്യത്തിൽ അമേരിക്കൻ മാതൃകയിൽ ഭീമാകാരങ്ങളായ വ്യവസായങ്ങളെ ആശ്രയിച്ചു നടത്തുന്ന രാഷ്ട്രോദ്ധാരണത്തിൻെറ ആപത്തിനെയാണ് അദ്ദേഹം അപലപിച്ചത്.

## റഷ്യയിലും

ഇന്നിപ്പോഠം റഷ്യൻ ജനതയ്ക്കും ഈ മഹാദുഃഖം ഉണ്ടായിരിക്കുകയാണ്. ആ സാമ്രാജ്യത്തിൻെറ ഏറെക്കുറെ ജനശൂന്യമായ കിഴക്കൻ പ്രദേശങ്ങളിൽ പോലും ഭൂമിയും ജലാശയങ്ങളും വിഷ ദൂഷിതങ്ങളായിരിക്കുന്നുവെന്ന് റിപ്പോർട്ടുകളുണ്ട്. ലോകപ്രസിദ്ധമായ ബൈക്കാഠം തടാകം അതിശീഘ്രം നിർജീവമാവുകയാണത്രെ. നാന്നൂറിൽപരം മൈൽ നീളവും ചില സ്ഥലങ്ങളിൽ അയ്യായിരം അടിയോളം ആഴവുമുള്ള ഈ ശുദ്ധജല തടാകം, ചുററുമുള്ള വനതലങ്ങഠം വെട്ടിത്തെളിച്ച് പഠംപ്പും കടലാസ്സും റയോണും മററും നിർമിക്കുന്ന വ്യവസായങ്ങഠം ആരംഭിച്ചതിൻെറ ഫലമായി, ആപൽക്കരമായ തോതിൽ വിഷമയമായിരിക്കുന്നു. അവിടെമാത്രം കാണപ്പെടുന്ന വിചിത്രരൂപങ്ങളായ ജലജന്തുക്കളും നീർച്ചെടികളും അസ്തവംശമാകുമെന്ന് ശാസ്ത്രജ്ഞന്മാർ ഭയപ്പെടുന്നു.

വിശ്രുത റഷ്യൻസാഹിത്യകാരനായ സോഠംഷെനിത്സിൻ രാഷ്ട്രീയ കാരണങ്ങളാൽ തൻെറ ജന്മഭൂമിയിൽ നിന്ന് നിഷ്കാസിതനായ സന്ദർഭത്തിൽ നാട്ടുകാരോട് ചെയ്ത അഭ്യർത്ഥന ഈ വിഷയത്തിൽ വളരെ പ്രസക്തമാണെന്ന് ഞാൻ കരുതുന്നു: ''ടെക്നോളജിയിലൂടെ ജനസഞ്ചയത്തിൻെറ ശാശ്വതമായ ഉത്ക്കർഷം നേടാമെന്നുള്ള പാശ്ചാത്യസംസ്കാരത്തിൻെറ വ്യാമോഹത്തിൽ നിന്ന് ദയവുചെയ്ത് പിൻതിരിയുക! വിശാലമായ റഷ്യാരാജ്യത്തിൻെറ വടക്കുകിഴക്കൻ പ്രദേശങ്ങളിലെങ്കിലും ഭൂമിയോട് ഒട്ടിനില്ക്കുന്നതും പ്രകൃതിയെ കീഴടക്കി മേന്മ നേടാമെന്ന് അഹങ്കരിക്കാത്തതും നമ്മുടെ പ്രാചീനപാരമ്പര്യങ്ങഠംക്കു യോജിച്ചതുമായ ഒരു മനുഷ്യസമൂഹത്തെ, സയൻസിൻെറ സഹായത്തോടു കൂടിത്തന്നെ ആയാലും വളർത്തിയെടുക്കുവാൻ പരിശ്രമിക്കുക. ഈ പുണ്യഭൂമിയിൽ ഹൃദയശൂന്യമായ ഒരു അസുരസമുദായത്തെ നിലവിൽ വരുത്തുവാൻ ഇടയാക്കുന്ന ഇന്നത്തെ വികസനസമ്പ്രദായത്തെ നിയന്ത്രിച്ചു നമ്മുടെ സന്താനങ്ങളെയെങ്കിലും രക്ഷിക്കുക.''

റഷ്യക്കാർക്ക് ഇതു കേട്ടപ്പോഠം അങ്ങേയററത്തെ അമർഷമാണ് ഉണ്ടായത്. ഒരർത്ഥത്തിൽ ക്രിസ്തുവും ടോഠംസ്റ്റോയിയും ഗാന്ധിയും മാവോസേതുങ്ങും പറഞ്ഞതും ഇതുതന്നെയാണ്. ആ ഉപദേശങ്ങളെല്ലാം ബധിരകർണ്ണങ്ങളിലാണ് വീണതെന്നും പില്ക്കാലചരിത്രം തെളിയിക്കുന്നു. എന്നാലും മറെറങ്ങുനിന്നുമല്ല, ടെക്നോളജിയെ പരമപുരുഷാർത്ഥമായി പൂജിക്കുന്ന അമേരിക്കയിൽനിന്നാണ് ഈ പ്രസ്താവനയ്ക്ക് ശ്രദ്ധേയമായ ഒരു അഭിനന്ദനം ലഭിച്ചത്. ലോകഭോഗങ്ങളുടെ അർത്ഥശൂന്യതയേയും അവയെ പിൻതുടർന്നു ശാശ്വത ശാന്തി നേടാമെന്നുള്ള പാശ്ചാത്യമനുഷ്യൻെറ വ്യാമോഹത്തേയും കുറിച്ച് സ്വജനങ്ങളെ മാത്രമല്ല മാനവസമുദായത്തെ മുഴുവനും ഉള്ളിൽത്തട്ടുമാറ് ഉദ്ബോധിപ്പിച്ച ഒരു മഹാത്മാവായി സോഠംഷെനിത്സിൻ ഉയർന്നിരിക്കുന്നു എന്നു പ്രസിദ്ധനായ ഒരു അമേരിക്കൻ നിരൂപകൻ പ്രഖ്യാപിച്ചു. അതു റഷ്യൻ ഭരണകൂടത്തെ ചൊടിപ്പിക്കുവാൻവേണ്ടി പറഞ്ഞതാണെന്ന് ഞാൻ കരുതുന്നില്ല. ലോകചരിത്രത്തിൽ ഇന്നുവരെ ഒരു സമുദായവും നേടിയിട്ടില്ലാത്ത ഐശ്വര്യവും ഭുവനഭോഗങ്ങളും അനുഭവിക്കുകയും ആവശ്യപ്പെടാതെതന്നെ ലോകമേധാവിത്വം കൈവരിക്കുകയും ചെയ്ത അമേരിക്കൻ ജനതയാണ് ഇന്ന് ആ സൗഭാഗ്യങ്ങളുടെ മറുവശത്തെപ്പററിയും മനുഷ്യജന്മത്തിൻെറ ആത്യന്തികമായ അർത്ഥത്തെപ്പററിയും ചിന്തിക്കുവാൻ സന്നദ്ധമായിരിക്കുന്നത്.

## വീണ്ടുവിചാരം

ഒരു ഇടിമുഴക്കത്തോടെ അവസാനിച്ച രണ്ടാം ലോകമഹായുദ്ധത്തിനു ശേഷം കഴിഞ്ഞ ഒരു തലമുറക്കാലത്തിനിടയ്ക്കാണ് അമേരിക്കയ്ക്ക് മാനുഷികധർമ്മങ്ങളെക്കുറിച്ചുള്ള ഈ വീണ്ടുവിചാരം ഉണ്ടായത്. ബാഹ്യമായി നോക്കിയാൽ അതിന്നു പ്രേരിപ്പിക്കുന്ന ചുററുപാടുകളൊന്നും ആ രാജ്യത്തില്ല. പ്രകൃതി മുക്തഹസ്തമായ ഔദാര്യത്തോടെ അനുഗ്രഹിച്ചിട്ടുള്ള വിശാലമായ ഭൂമി. ഇന്ത്യയുടെ മൂന്നിരട്ടി വിസ്താരമുണ്ടെങ്കിലും ജനസംഖ്യ 20 കോടി മാത്രം! (ഇന്ത്യയിൽ 1975–ൽതന്നെ 60 കോടി) പത്തുകോടി മോട്ടോർവാഹനങ്ങഠം. ലോകത്തെ പലതവണ ഭസ്മമാക്കുവാൻ പോരുന്ന ആയുധസമ്പത്ത്. ഇത് 'ഊർജപ്രതിസന്ധി'യുടെ കാലമാണല്ലോ. ഖനിയെണ്ണയുടെ വില ദിവസംതോറും കുതിച്ചുകയറിക്കൊണ്ടിരിക്കുന്നു. ശക്തിമത്തായ രാഷ്ട്രങ്ങഠംപോലും അതുകണ്ട് ഇതികർത്തവ്യതാമൂഢരായി നില്ക്കുന്നു. വ്യവസായപരിഷ്കാരത്തിൻെറ അടിത്തറയെ ഇളക്കിയിരിക്കുന്ന ഈ സാഹചര്യത്തിൽപ്പോലും അമേരിക്കയിൽ ഒരു ഗ്യാലൻ പെട്രോളിന് എട്ടു രൂപയേ വിലയുള്ളു. ഇന്ത്യയിലാകട്ടെ 25 രൂപയും! അവർ ഉപയോഗിക്കുന്ന എണ്ണയിൽ പകുതിയോളം അന്യരാജ്യങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുന്നതുമാണ്. ഒരു ലോകമഹായുദ്ധം ഉണ്ടായാൽ അതിൻെറ ആവശ്യത്തിനു വേണ്ട ഖനിയെണ്ണയും മററു വിഭവങ്ങളും അവർ കരുതിവെച്ചിട്ടുണ്ടെന്നുള്ളതും നിശ്ചയമാണ്. ഒരുപക്ഷേ, ഇങ്ങനെ ഭുവനഭോഗങ്ങളുടെ പരമകാഷ്ഠയിലെത്തിയ ഒരു ജനതയ്ക്കു മാത്രമേ അവയുടെ അന്തസ്സാരശൂന്യതയെപ്പററി ചിന്തിക്കുവാൻ ഇടയാവുകയുള്ളു എന്നതായിരിക്കാം പരമാർത്ഥം. ഏതായാലും പരിസരദൂഷണത്തേയും അണുപ്രസരത്തേയും പ്രകൃതിവിഭവങ്ങളുടെ വിശേഷണത്തേയുംകുറിച്ച് ആ രാജ്യത്ത് ഉണ്ടായിരിക്കുന്നത്ര പരിഭ്രാന്തി മറെറാരിടത്തുമില്ല. ചോരത്തിളപ്പുള്ള യൗവനകാലത്ത് കൈനീട്ടിയാൽ കിട്ടുന്ന അസൂയാർഹമായ ലൗകികസൗഭാഗ്യങ്ങളെ വലിച്ചെറിഞ്ഞ് ഹിപ്പികളായി മാറുവാൻ മറെറാരു രാജ്യത്തും ഇത്രവളരെയാളുകഠം സന്നദ്ധരായിട്ടുമില്ല.

## പടിഞ്ഞാറിൻെറ ക്ഷയം

ലോകത്തെ മുടിച്ച് മനുഷ്യനെ ഗുണപ്പെടുത്തുവാൻ ശ്രമിക്കുന്ന ഈ സംസ്കാരം നിലനില്ക്കയില്ലെന്ന് അവർ സംശയിച്ചുതുടങ്ങിയിരിക്കുന്നതായി ഊഹിക്കണം. ഒന്നാം ലോകമഹായുദ്ധം അവസാനിച്ച സമയത്ത് ഓസ്വാഠംഡ് സ്പെങ്ഗ്ലർ എന്ന ജർമ്മൻകാരൻ 'പടിഞ്ഞാറിൻെറ ക്ഷയം' (The Decline of the West) എന്ന പേരിൽ പ്രസിദ്ധമായ ഒരു ഗ്രന്ഥമെഴുതി. ഭൂമുഖത്ത് മുമ്പുണ്ടായവയും ഓരോരോ കാലങ്ങളിൽ അത്യധികം ശോഭിച്ചവയുമായ മററു സംസ്കാരങ്ങളെപ്പോലെ, ആധുനികകാലത്ത് പുഷ്ടി പ്രാപിച്ച് ലോകം മുഴുവനും വ്യാപിച്ചുനില്ക്കുന്ന പശ്ചിമയൂറോപ്യൻ—അമേരിക്കൻ നാഗരികതയും അസ്തോന്മുഖമാവുകയാണെന്നും അചിരേണ അതും നാമാവശേഷമാകുമെന്നും അദ്ദേഹം പ്രവചിച്ചു. ഒരു മഹായുദ്ധത്തിൽ പരാജിതരായി പറഞ്ഞാലൊടുങ്ങാത്ത അപമാനവും അവസാദവും അനുഭവിച്ച ജർമൻ ജനതയുടെ പ്രതിനിധിയായ ഗ്രന്ഥകാരൻ തൻെറ അഗാധമായ വിഷാദത്തിന് സിദ്ധാന്തപരവും ദാർശനികവുമായ ആഖ്യാനം നല്കുകയാണ് പ്രസ്തുത ഗ്രന്ഥത്തിൽ ചെയ്തതെന്നും, അതിലെ നിഗമനങ്ങഠംക്ക് ശാസ്ത്രീയവും യുക്തിയുക്തവുമായ തെളിവില്ലെന്നും വ്യഖ്യാനിച്ച് ദുരന്തസൂചകമായ ആ പ്രവചനത്തെ പുച്ഛിക്കുകയാണ് അന്യരാജ്യങ്ങളിലെ നിരൂപകന്മാർ അന്നു ചെയ്തത്. യുദ്ധത്തിൻെറ കെടുതികളിൽ നിന്ന് അല്പമൊക്കെ കരകയറിയപ്പോഠം ജർമ്മൻകാർക്കു തന്നെയും സ്പെങ്ഗ്ളർ വർജ്ജ്യനായി. പില്ക്കാലത്ത് ആർനഠംഡ് ടോയൻബി എന്ന ആംഗല ചരിത്രകാരൻ സ്പെങ്ഗ്ളറുടെ ഗവേഷണരീതിതന്നെ സ്വീകരിച്ചുകൊണ്ട് പത്തു വാല്യത്തിൽ എഴുതിയ ''ചരിത്രപഠനം'' (A Study of History) എന്ന ബൃഹദ്ഗ്രന്ഥത്തിൽ ആ മുൻഗാമിയുടെ നിഗമനത്തെ ഖണ്ഡിക്കുകയും നിഷേധിക്കുകയും ചെയ്തു. അദ്ദേഹം വിധിയെന്നും പൂർവനിശ്ചയമെന്നും മററുമുള്ള പേരിൽ തെളിയിക്കുവാൻ കഴിയാത്തതും ആവശ്യമില്ലാത്തതുമായ ഒരു വിശ്വാസപ്രമാണം കെട്ടിപ്പടുക്കുവാൻ പ്രേരിതനായെന്നും, തൻെറ അദ്ഭുതപ്രതിഭയിലൂടെ കണ്ടെത്തിയ ദീപ്തിമത്തായ വസ്തുതകളെ അതിനുള്ളിൽ കുഴിച്ചു

Digitized by Kerala Sahitya Akademi

മൂടിയെന്നും ടോൺയബി പ്രസ്താവിച്ചു. ചരിത്രത്തിൽ അറിയപ്പെട്ടിട്ടുള്ള സംസ്കാരങ്ങൾ കുറേക്കഴിയുമ്പോൾ ക്ഷയിക്കുന്നതായി നാം കാണുന്നു. പക്ഷേ, അതുകൊണ്ട് ക്ഷയിക്കുന്നതിനുള്ള പ്രവണത സംസ്കാരങ്ങളിൽ അന്തർലീനമാണെന്നും, അവയുടെ വിനാശം വിധികല്പിതമാണെന്നും, വിധിയും പൂർവനിശ്ചയവും അടിസ്ഥാനസത്യങ്ങളാണെന്നും സ്പെങ്ഗ്ളർ വാദിച്ചതിനെയാണ് അദ്ദേഹം എതിർത്തത്.

## ചരിത്രപഠനം

ആധുനിക പാശ്ചാത്യ സംസ്കാരത്തെ മററെല്ലാ സംസ്കാരങ്ങളേയും പോലെ മാത്രം പരിഗണിച്ചാൽ മതിയെന്ന് ഉറച്ചുകൊണ്ടാണ് ടോയൻബി തന്റെ പൃഥുലമായ ഗ്രന്ഥം എഴുതുവാൻ തുടങ്ങിയത്. രണ്ടാം ലോകമഹായുദ്ധം തുടങ്ങുന്നതിന് ഏതാനും ദിവസങ്ങൾക്കു മുമ്പായി ആദ്യത്തെ ആറു വാല്യങ്ങൾ വരെ പ്രസിദ്ധപ്പെടുത്തി. യുദ്ധം അവസാനിക്കുകയും അതിന്റെ കലാശം സഖ്യകക്ഷികൾക്ക് അനുകൂലമായിത്തീരുകയും ചെയ്തതിനു ശേഷമാണ് പാശ്ചാത്യ സംസ്കാരത്തെക്കുറിച്ച് വിസ്തരിച്ചു പ്രതിപാദിക്കുവാൻ സാധിച്ചത്. അപ്പോൾ അദ്ദേഹത്തിന്റെ അഭിപ്രായം മാറി. പാശ്ചാത്യസംസ്കാരവും മററു സംസ്കാരങ്ങളെപ്പോലെതന്നെ; എന്നാലും അതിന് വ്യത്യാസമുണ്ട്, സവിശേഷതകളുണ്ട്. അവയെല്ലാം തുല്യമായ അടിസ്ഥാനലക്ഷണങ്ങളുള്ളവയും ഒരേ ജാതിയിൽ പെട്ടവയും ആണെങ്കിലും അതിന്റെ നേട്ടങ്ങൾ അഭൂതപൂർവങ്ങളാണ്, അദ്ഭുതകരങ്ങളാണ്. നേട്ടങ്ങളിലുള്ള ഈ വമ്പിച്ച വ്യത്യാസം ഒരു ജാതിവ്യത്യാസമായിത്തന്നെ പരിണമിച്ചിരിക്കുന്നു. പാശ്ചാത്യ സംസ്കാരത്തെ ഒരു പുതിയ ജാതിയിൽ പെട്ടതായി കരുതേണ്ടിയിരിക്കുന്നു. ഇതാണ് ടോയൻബിയുടെ വാദഗതി. ഒരേ ജാതിയിൽ നിന്ന് ഒരു വ്യക്തിയെ മാത്രം വേർതിരിച്ചു കാണുവാനും ഭിന്നജാതിയാക്കുവാനും ഉള്ള ഈ വിചിത്രയത്നത്തെ മറെറാരുതരം അഹന്തയുടേയും ഗർവിന്റേയും ഫലമായി കരുതാവുന്നതാണ്. ജപ്പാൻകാരുടെ മേൽ ആററം ബോംബ് പ്രയോഗിച്ചപ്പോഴും, മനുഷ്യനെ ചന്ദ്രഗോളത്തിലിറക്കി മടക്കിക്കൊണ്ടുവന്നപ്പോഴും അമേരിക്കൻ ബുദ്ധിജീവികളും ഇതുതന്നെയാണ് പറഞ്ഞത്—പാശ്ചാത്യ മനുഷ്യന്റെ പ്രായോഗിക വൈഭവം, സാങ്കേതിക വൈദഗ്ധ്യം, പ്രകൃതിയെ കീഴടക്കുവാനുള്ള ദൃഢനിശ്ചയം!

## ബകാസുര വ്യവസ്ഥിതി

പറയുമ്പോൾ അറിയാത്തവൻ ചൊറിയുമ്പോൾ അറിയും എന്നു പറഞ്ഞതുപോലെ ജാജ്ജ്വല്യമാനമായ ഈ വിജയങ്ങൾക്കും ഒരു മറുവശമുണ്ടെന്നാണ് ഇപ്പോൾ പാശ്ചാത്യലോകത്തിനെങ്കിലും ബോദ്ധ്യമായിരിക്കുന്നത്. ഐഹികജീവിതത്തിന്റെ ദുരൂഹഭാവങ്ങൾ ആധുനിക മനുഷ്യനെ വ്യാകുലചിത്തനാക്കിയിരിക്കുന്നു. അറുതിയില്ലാത്ത ഭൗതികസമ്പത്ത് വാരിക്കൂട്ടുകയും ഭുവനഭോഗങ്ങളിൽ ഉച്ഛൃംഖലമായി വിഹരിക്കുകയുമാണ് ജീവിതത്തിന്റെ ലക്ഷ്യമെന്നു ദൃഢമായി വിശ്വസിച്ച് അതിനു വേണ്ട ഉപായങ്ങൾ കണ്ടുപിടിച്ച് അതിസമർത്ഥമായി പ്രകൃതിയുടേയും മററു ജനസമൂഹങ്ങളുടേയും മേൽ പ്രയോഗിച്ച്, ഭൂമിയിൽ അങ്ങിങ്ങായി ഏതാനും തലമുറക്കാലം മേന്മ നേടിയ സമുദായങ്ങൾ എത്രയോ ദുർബലമായ അസ്തിവാരത്തിന്മേലാണ് തങ്ങളുടെ ഉൽക്കർഷം സ്ഥിതിചെയ്യുന്നതെന്ന് ഒരു ഞെട്ടലോടെ മനസ്സിലാക്കിയിരിക്കുന്നു. വ്യവസായപരിഷ്കാരത്തിന്റെ ഫലമായി ഉണ്ടായിട്ടുള്ള പുതിയ സാമൂഹിക വ്യവസ്ഥിതിയിൽ കാണുന്ന ഈ ജീവിതധർമം ഭയാനകമായ അധർമത്തിന്റെ വടിവുകളെ കൈവരിച്ചിരിക്കുകയാണ്. മിന്നുന്നതും തിളങ്ങുന്നതുമായ പുതിയ പുതിയ സാധനങ്ങൾ അനവരതം ഉൽപാദിപ്പിക്കുക; പരസ്യത്തിന്റെയും പ്രചാരവേലയുടേയും പ്രേരണ പ്രയോഗിച്ച് മനുഷ്യചിത്തത്തെ പ്രലോഭിപ്പിച്ച് അതു മുഴുവനും കൊള്ളലാഭത്തിൽ വിററഴിക്കുക; കുറേക്കൂടി ആകർഷകമായ സാധനങ്ങൾ വീണ്ടും ഉൽപാദിപ്പിക്കുക; ഈ പ്രക്രിയകളിലൂടെ സമ്പത്തും ഐശ്വര്യവും ജീവിതത്തിലെ സുഖാനുഭൂതികളും വർദ്ധിപ്പിച്ചു എന്നു വിശ്വസിക്കുക—ഇതാണ് ഈ ജീവിതധർമത്തിന്റെ മുന്നേററപരിപാടി. അനുസ്യൂതമായ വളർച്ച, അറുതിയില്ലാത്ത അഭിവൃദ്ധി, അനിയന്ത്രിതമായ പരിഗ്രഹതൃഷ്ണ, ആസുരമായ യന്ത്രശക്തി, അജയ്യമായ സമരബലം ഇവയാണ് അതിനെ നിലനിർത്തുന്നത്.

ലോഭമോഹങ്ങളെ അപാരമായ അളവിൽ പരിപോഷിപ്പിച്ച് സ്വാത്മപൂർത്തിയിൽ മാത്രം ലക്ഷ്യീകൃതമായ ഈ ബകാസുരവ്യവസ്ഥിതി മനുഷ്യരാശിയിൽ മൂന്നിൽ രണ്ടു ഭാഗം വരുന്ന പിൻനിലരാജ്യക്കാരെയാണ് ഇന്ന് ഏററവും കൂടുതൽ വശീകരിച്ചിരിക്കുന്നത്. അവക്ക് ഒരിക്കലും കൈവരികയില്ലെന്ന് ഇതിനകംതന്നെ തെളിഞ്ഞുകഴിഞ്ഞ പരിഷ്കാരസൗഭാഗ്യങ്ങൾക്കു വേണ്ടി കണ്ണിൽ എണ്ണയൊഴിച്ച് അവർ കാത്തിരിക്കുകയാണ്. പാശ്ചാത്യ ലോകത്തിന് ഈ വ്യവസ്ഥിതിയിൽ വിരക്തി വന്നാലും, അതിൽനിന്നു പിൻതിരിയുവാൻ തന്നെ അവർ നിശ്ചയിച്ചാലും, ഇന്ത്യയെപ്പോലുള്ള രാജ്യങ്ങൾ വിട്ടുമാറുകയില്ല. എന്തു വിററാലും, എന്തെല്ലാം നശിച്ചാലും, രാജ്യം മുഴുവനും മരുഭൂമിയായാലും, അമേരിക്കയുടെ ഒപ്പമെത്തണം എന്ന അത്യാഗ്രഹം അവർ കൈവിടുകയില്ല. യുദ്ധത്തിൽ തോററിട്ടും ആററംബോംബു വീണിട്ടും ജപ്പാൻ ആ നിലയിലേയ്ക്കു കുതിച്ചു കയറുകയല്ലേ? ജർമനിയിൽ അഞ്ചു പേരിൽ ഒരാൾക്കുവീതം കാറില്ലേ? നമുക്കും എന്തുകൊണ്ട് ആ നിലയെ പ്രാപിച്ചുകൂടാ? ഇതാണ് പിൻനിലരാജ്യങ്ങളിലെ ജനങ്ങളുടേയും അവരുടെ ഗവർമെണ്ടുകളുടേയും ചിന്താഗതി. തന്റെ ജനങ്ങൾക്ക് ഈ വിഭൂതികൾ ആവശ്യമില്ലെന്നും ആശാപാശത്തിൽനിന്ന് അവരെ മോചിപ്പിക്കുകയാണ് തന്റെ ലക്ഷ്യമെന്നും ആ വഴിക്കു മാത്രമേ തങ്ങൾക്കും ലോകത്തിനും രക്ഷയുള്ളു എന്നും ദൃഢസ്വരത്തിൽ പ്രഖ്യാപിക്കുവാനും ആ നയം അനുസരിച്ചു പ്രവർത്തിക്കുവാനും ധൈര്യം കാണിച്ച ഒരൊററ ഭരണാധികാരി മാത്രമേ ഉണ്ടായിട്ടുള്ളു—മാവോ സേ തുങ്ങ്. പക്ഷേ, ഇരുപത്തഞ്ചു വർഷം മാത്രമേ ആ രാജധർമം നിലനിന്നുള്ളു. അദ്ദേഹം മരിച്ച മാത്രയിൽതന്നെ ആ പരിപാടി ഉപേക്ഷിക്കപ്പെട്ടു. ഇന്നിപ്പോൾ മാവോയുടെ പിൻഗാമികളും അമേരിക്കയുടെ ഒപ്പമെത്തുവാൻ വെമ്പൽകൊള്ളുകയാണ്. ഇങ്ങനെ ഭൂമിയിൽ ആകെയുള്ള 170—ൽ പരം രാഷ്ട്രങ്ങളും നിശ്ചയിച്ചാൽ എല്ലാവരുടേയും മനോഗതങ്ങൾ നേടിയെടുക്കുന്നതിനു വേണ്ട പ്രകൃതിവിഭവങ്ങൾ ഈ ചെറിയ ആകാശഗോളത്തിലില്ല. അഥവാ ടെക്നോളജിയുടെ മഹേന്ദ്രജാലം കൊണ്ട് അവയെ നിർമിച്ച് ലക്ഷ്യം നേടിയാൽ, ആഗോളവ്യാപകമായ വ്യവസായപ്രക്രിയകളുടെ അനിവാര്യഫലമായി ചുററുപാടുകൾക്കുണ്ടാകുന്ന ഉഷ്ണാധിക്യം കൊണ്ടുതന്നെ മനുഷ്യൻ ഉൾപ്പെടെയുള്ള ജീവജാലത്തിന് ഭുവനജീവിതം അസാധ്യമായിത്തീരുമെന്ന് കൃത്യമായ കണക്കുകൾ ഉദ്ധരിച്ച് അനേകം ശാസ്ത്രജ്ഞന്മാർ ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

## ദാരിദ്ര്യവും സമൃദ്ധിയും

അതുകൊണ്ട് സാർവത്രികമായ വ്യവസായവത്ക്കരണം സംഭവിക്കുകയില്ല; സാധ്യവുമല്ല. 450 കോടിയുള്ള മനുഷ്യരാശിയിൽ 350 കോടിയും ദുരിതത്തിൽ കിടക്കുന്നതുകൊണ്ടാണ് ബാക്കിയുള്ള നൂറു കോടിക്കു ഈ യന്ത്രക്കളിയെല്ലാം കളിക്കുവാനും ആധുനികസൗഭാഗ്യങ്ങൾ അനുഭവിക്കാനും സാധിക്കുന്നത്. ധാതുവസ്തുക്കളുടെ കേദാരമായ അമേരിക്കൻ ഐക്യനാടുകളും അഗ്നിപർവതങ്ങൾ വമിച്ച ധൂളിപടലമല്ലാതെ മറെറാന്നുമില്ലാത്ത ജപ്പാനും അന്യരാജ്യങ്ങളെ ചൂഷണം ചെയ്താണ് തങ്ങളുടെ വ്യവസായപരിഷ്കാരത്തെ നിലനിർത്തുന്നത്. മദ്ധ്യപൂർവദേശത്തിലെ രാഷ്ട്രീയ കലാപങ്ങൾ ഈ രാഷ്ട്രങ്ങളേയും പശ്ചിമയൂറോപ്പിനേയും കിടിലം കൊള്ളിക്കുന്നതിന്റെ രഹസ്യവും മറെറാന്നല്ല. വ്യവസായവൽകൃത സമൂഹങ്ങളാകുവാൻ വ്യഗ്രത കാണിക്കുന്ന പല മൂന്നാംലോക രാഷ്ട്രങ്ങൾക്കും അപ്രതീക്ഷിതമായ മറെറാരു പ്രയാസം അനുഭവിക്കേണ്ടി വരുന്നുണ്ട്. അവ ജനകീയ വ്യവസ്ഥിതിയിൽ ഉറച്ചു നില്ക്കുവാൻ ശ്രമിക്കുമ്പോൾ രാജ്യഭരണം ദുർബലമാവുകയും സംഘടിതമായ ഒരു ന്യൂനപക്ഷത്തിന്റെ ഭീഷണികൾക്ക് വിധേയമായി ജനസഞ്ചയത്തിന്റെ അഭിലാഷങ്ങൾ സാധിച്ചുകൊടുക്കുവാൻ കഴിവില്ലാതെ, ഭരണാധികാരികൾ കൈ മലർത്തുകയും ചെയ്യുന്നു. ഭരണകൂടം ജനങ്ങളെ ഞെക്കിപ്പിഴിഞ്ഞുണ്ടാക്കുന്ന വരുമാനം മുഴുവനും ജീവനക്കാരുടെ ശമ്പളമായും തൊഴിലാളികളുടെ വേതനമായും ബോണസ്സായും മററ് ആനുകൂല്യങ്ങളായും കൊടുത്തുതീർക്കണം. കൊടുത്തില്ലെങ്കിൽ പിടിച്ചുവാങ്ങിക്കും! പിന്നെ സ്കൂളുകൾ തുടങ്ങാനും കോളേജുകൾ വികസിപ്പിക്കാനും പാലം കെട്ടാനും റോഡു നന്നാക്കാനും ആവശ്യക്കാരായ ജനങ്ങൾ പ്രത്യേകമായി പണം പിരിച്ചു കൊടുക്കണം! എന്നിട്ട് മന്ത്രിമാരുടേയും ഉദ്യോഗസ്ഥന്മാരുടെയും കാലുപിടിക്കണം. അങ്ങേയററം അപഹാസ്യവും ലജ്ജാവഹവും ദുഃസഹവുമായിത്തീർന്നിരിക്കുന്ന ഈ ''പുരോഗതി'' കാണുമ്പോൾ, അറുപത്തിനാല് അനാചാരങ്ങളും നടമാടിയിരുന്ന പ്രാചീനകാലങ്ങൾ എത്രയോ ഭേദം എന്നു തോന്നിപ്പോകുന്നു. അന്ന് അമേരിക്കയുടെയോ റഷ്യയുടെയോ ഒപ്പമെത്തിച്ച് കണ്ണല്ലാത്തതെല്ലാം പൊന്നാക്കിത്തരാമെന്ന് ആരും വാഗ്ദാനം ചെയ്തില്ല. ''അനായാസേന മരണം;' വിനാദൈന്യേന ജീവിതം'' എന്നു പ്രാർത്ഥിച്ച്, ഉള്ളതുകൊണ്ട് ഓണംപോലെ കഴിയുവാനും, കർമഫലമെന്നു കരുതി കഷ്ടപ്പാടുകളെ സഹിക്കാനും ഉള്ള സ്വാതന്ത്ര്യമുണ്ടായിരുന്നു. പിറന്ന മണ്ണിനോടും പ്രകൃതി നല്കിയ ചുററുപാടുകളോടും സ്നേഹമുണ്ടായിരുന്നു. ദൈവനീതിയെ എങ്കിലും ഭയമുണ്ടായിരുന്നു. കൊടുക്കലും വാങ്ങ



Digitized by Kerala Sahitya Akademi

ലും സ്വാഭാവികമായിരുന്നു. യാതനയ്ക്കു വേതനവും വാങ്ങി സകലതിലും കൈയിട്ടു വാരുന്ന രാഷ്ട്രീയക്കാരൻ എന്ന കിരാതമൂർത്തി അവതരിച്ചിട്ടില്ലായിരുന്നു. ഇന്നിതാ, ഇല്ലാത്ത പണവും ഉണ്ടാക്കി, അഷ്ടി കഴിക്കാനുള്ള അരി വാങ്ങാൻ ചെല്ലുമ്പോൾ പീടികക്കാരൻ പറയുന്നു: ''അറിയില്ല; സമരമാണ്. ഞങ്ങളും പട്ടിണിയിലായി.'' എന്തു ചെയ്യും? ആരോടാണ് പരാതി പറയേണ്ടത്? അമ്പലത്തിൽ പോയി ദൈവത്തിന്റെ മുമ്പിൽ കരഞ്ഞ് സങ്കടം തീർക്കാമെന്നുവെച്ചാൽ അവിടെ കള്ളൻ കയറിയിരിക്കുന്നു! അമേരിക്കയിലേയ്ക്ക് കയററി അയച്ച് പണമുണ്ടാക്കി കുബേരനാകുവാൻ വേണ്ടി ഏതോ മഹാപാപി പ്രതിഷ്ഠാവിഗ്രഹംതന്നെ ഇളക്കിക്കൊണ്ടുപോയിരിക്കുന്നു. മനുഷ്യരെ മാത്രമല്ല ഈശ്വരനെയും ഭരിക്കാൻ ചുമതലയേററിരിക്കുന്ന മന്ത്രി, തനിക്കു ദൈവവിശ്വാസമില്ലെന്ന് തുറന്നു പറയുന്നു. മനുഷ്യന്റെ ദുഃഖത്തിൽ സഹതപിക്കുവാൻപോലും ആരുമില്ലാതായിരിക്കുന്നു. ഈ വൻകിട വ്യവസായ—ആഗോളവാണിജ്യ—സമർദ്ദരാഷ്ട്രീയ—സമത്വസുന്ദരവ്യവസ്ഥിതിയിൽ വീണുകിടക്കുന്ന, ആട്ടപ്പെട്ടിക്കാരനെപ്പോലെ വോട്ടുപെട്ടി ചുമക്കുന്ന ആധുനികമനുഷ്യനെപ്പോലെ ഗതികെട്ടവനായി ഒരു ജീവിയും ഈ ഭൂമുഖത്ത് ഉണ്ടായിട്ടില്ല..

## സംസ്കാരം

സഹാനുഭൂതി, ദാക്ഷിണ്യം, ഭൂതദയ, കാരുണ്യം, സ്നേഹം എന്നിത്യാദി ഹൃദയഗുണങ്ങൾ ഒന്നുമില്ലാത്ത ഭക്ഷ്യലക്ഷ്യ—അസ്തിത്വമാണ് ജന്തുക്കളെ നയിക്കുന്നത്. നൂറു കോടി സംവത്സരങ്ങളിലെ നിരന്തരമത്സരവും അതിലുണ്ടായ പടിപടിയായുള്ള വിജയവുംമൂലം അവ അദ്ഭുതകരമായ പരിണാമത്തിനു വിധേയമായി. അന്ധമായ ഈ പ്രകൃതിശക്തികളുടെ പരിവർത്തനപരമ്പരയിൽ ഏററവും ഒടുവിലുണ്ടായ ജന്തുജാതിയാണ് മനുഷ്യവർഗം. തടിമിടുക്കോ മററു വൈഭവങ്ങളോ ഒന്നുമില്ലായിരുന്നു എങ്കിലും, ബുദ്ധിശക്തി ലഭിച്ചതുകൊണ്ട് മനുഷ്യൻ ഭൂമുഖത്ത് അത്ഭുതപൂർവമായ വിജയം നേടി സമസ്ത ചരാചരങ്ങളുടേയും നാഥനായി. അതിനിടയ്ക്ക്, സ്വവർഗത്തിന്റെ സുസ്ഥിതിക്ക് മത്സരവും അതിൽ വിജയം നേടുവാനുള്ള മിടുക്കും മാത്രം പോരെന്നും, ഹൃദയഗുണങ്ങളും വേണമെന്നും, അവ നന്മയുടെ ലക്ഷണമാണെന്നും ഉള്ള ബോധം അവനിൽ എങ്ങനെയോ അങ്കുരിച്ചു. ഇതാണ് സംസ്കാരത്തിന്റെ ബീജം. സ്വാർത്ഥബുദ്ധിയുടെ ഒരു ചെറിയ അംശമെങ്കിലും പരിത്യജിച്ച് അതിന്റെ സ്ഥാനത്ത് പരാർത്ഥചിന്തയെ വളർത്തുന്നതിനുള്ള യത്നമാണ് അതെന്ന് സ്പഷ്ടമാണ്. കഴിഞ്ഞ പതിനായിരമോ ഇരുപതിനായിരമോ വർഷങ്ങൾ കൊണ്ട്, ആഗോളവ്യാപകമായിട്ടല്ലെങ്കിലും, സാമാന്യം വലിയ ഭൂവിഭാഗങ്ങളുടെ അതിർത്തികൾക്കുള്ളിൽ, ഈ യത്നത്തെ സംഘടിപ്പിച്ച് പുഷ്ടിപ്പെടുത്തുവാൻ മനുഷ്യവർഗത്തിനു സാധിച്ചു. സാമൂഹികജീവിതമെന്നും പൊതുനന്മയെന്നും പരോപകാരമെന്നും സദാചാരമെന്നും ദൈവവിശ്വാസമെന്നും മററുമുള്ള സങ്കല്പങ്ങളും, ഭരണക്രമം, നിയമപാലനം, വിദ്യാഭ്യാസം, വൈദ്യസേവനം, രാജ്യരക്ഷ എന്നിത്യാദി പ്രക്രിയകളും ഇങ്ങനെയാണ് രൂപം പൂണ്ടതെന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു. പരസ്പരസ്നേഹവും പരാർത്ഥചിന്തയും കൈവളർത്തി, ദൈനംദിനജീവിതത്തെ അല്പമെങ്കിലും സംഘർഷരഹിതവും സഹകരണാത്മകവും ശാന്തവും ആക്കിത്തീർക്കുവാനുള്ള ലോഭനീയമായ ഈ സംസ്കാരപ്രക്രിയയെയാണ് ആധുനികമനുഷ്യൻ ഭൗതികലാഭത്തിനു വേണ്ടി ദുഷിപ്പിച്ചത്. ആദ്യം അന്യജനങ്ങളെ ആക്രമിച്ച് ആദായമുണ്ടാക്കുന്നതിനും, അതേത്തുടർന്ന് പ്രകൃതിയെത്തന്നെ കീഴടക്കി അമിതഭോഗം സാധിക്കുന്നതിനും അതിനെ ഉപയോഗിച്ച്, ഇന്നിതാ ജീവിതത്തെ സ്വാർത്ഥപൂർത്തിക്കു വേണ്ടിയുള്ള പരക്കംപാച്ചിലായും അർത്ഥമോ ലക്ഷ്യമോ ഇല്ലാത്ത, അസ്വാസ്ഥ്യജനകമായ, പേക്കിനാവായും അവൻ രൂപാന്തരപ്പെടുത്തിയിരിക്കുന്നു.

## മാതൃഭൂമി

''ശ്രേഷ്ഠമായ തത്ത്വജിജ്ഞാസയുടെ പ്രേരണ കൊണ്ട് ശുദ്ധമായ ജ്ഞാനത്തിന്റെ സമ്പാദനത്തിന്'' എന്ന് ഭംഗിവാക്കു പറയുന്നെങ്കിലും, സത്യത്തിൽ ഭൗതികലാഭത്തിനു വേണ്ടി ആധുനിക മനുഷ്യൻ നടത്തിയിട്ടുള്ള ഗവേഷണങ്ങളും കണ്ടുപിടിച്ചിട്ടുള്ള പുതുമകളും ഈ ലോകത്തെ സുനിശ്ചിതമായ നാശത്തിലേയ്ക്കാണ് നയിച്ചുകൊണ്ടിരിക്കുന്നതെന്നു പ്രഖ്യാപിക്കുന്ന ബുദ്ധിജീവികളെ ഇന്ന് ലോകത്തിന്റെ പല ഭാഗങ്ങളിലും കാണുവാൻ സാധിക്കും. നൂതനമായ ചികിത്സാ രീതികളും അനുക്ഷണ ഫലം ചെയ്യുന്ന ഔഷധങ്ങളും പ്രചരിപ്പിച്ച് രോഗബാധ കൊണ്ടുണ്ടാകുന്ന ദുർമരണങ്ങളെ നിയന്ത്രിച്ച് മനുഷ്യരുടെ ഇടയ്ക്കുള്ള മരണനിരക്ക് കുറച്ച വൈദ്യശാസ്ത്രത്തിന്റെ അദ്ഭുതസേവനം പോലും ആപത്താണെന്ന് പറയുന്നവരുണ്ട്. ആരും അപേക്ഷിച്ചു വാങ്ങുന്നതല്ലെങ്കിലും ജനിച്ചുപോയാൽ പിന്നെ ചുമക്കാതെ നിവൃത്തിയില്ലാത്ത ക്ലേശഭൂയിഷ്ഠമായ ഈ നരക ജീവിതത്തിൽ നിന്ന് മരണം നല്കുന്ന ഉദാരമായ മോചനത്തെ നിരോധിക്കുകയാണ് അതുമൂലം ചെയ്യിരിക്കുന്നതെന്ന് അവർ വാദിക്കുന്നു. ഇററാലിയൻ കവിയായ ലൂയിഗി പിരാൻഡലോ പറഞ്ഞതുപോലെ ''ജനിച്ചുപോയതിനു പക വീട്ടുവാൻ വേണ്ടി'' ആയുഷ്കാലം തള്ളിനീക്കുവാൻ കോടിക്കണക്കിന് മനുഷ്യജീവികളെ അത് ഉഴിഞ്ഞുനിർത്തുന്നു. ടെക്നോളജിയുടേയും സയൻസിന്റേയും അവയുടെ കതിരപ്പുറത്തു കയറി ഭാവിയിലേയ്ക്കു മുന്നേററം നടത്തുന്ന പുത്തൻ പരിഷ്കാരത്തിന്റേയും പരിധികൾക്കുള്ളിൽ നിന്നുകൊണ്ട് ലോകത്തിനുണ്ടായിരിക്കുന്ന മഹാ വിപത്തിൽ നിന്ന് രക്ഷ നേടുവാൻ സാധ്യമല്ലെന്ന് മസച്ചുസെററ്സ് ഇൻസ്റ്റിററ്യൂട്ട് ഓഫ് ടെക്നോളജി എന്ന വിശ്വവിഖ്യാതമായ ഗവേഷണ സ്ഥാപനത്തിലെ വില്യം ഇർവിൻ തോംപ്സൺ എന്ന യുവാവായ അമേരിക്കൻ പണ്ഡിതൻ തീർത്തു പറയുന്നു. ആ രാജ്യത്തിലെ പൂർവ്വ നിവാസികളായിരുന്ന ഹോപ്പി ഇന്ത്യൻ വർഗത്തിന്റെ ജീവിത ധർമങ്ങളും ഭൂനയങ്ങളും ഉപദർശനങ്ങളും ഒരുപക്ഷേ, ഊർജ പരിവർത്തനമെന്ന നൂതനമായ ആഭിചാര പ്രയോഗത്തിലൂടെ നിത്യഹരിതവും ചേതോഹരവുമായ ഈ ഭുവനഗോളത്തെ ചുട്ടുകരിക്കുവാൻ ശ്രമിക്കുന്ന പാശ്ചാത്യമനുഷ്യന്റെ വ്യവസായവിദ്യകളേക്കാൾ മനുഷ്യവർഗത്തെ രക്ഷിക്കുവാൻ ഉപകരിച്ചേയ്ക്കും എന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. കഴിഞ്ഞ എട്ടുപത്തു തലമുറക്കാലം കണ്ണിൽ ചോരയില്ലാതെ നടത്തിയ മർദ്ദനംമൂലം നിശ്ശേഷം നശിപ്പിക്കപ്പെട്ട അവരെപ്പോലെയുള്ള ആദിവാസികളുടെ പൂർവ്വികന്മാർ വൃക്ഷങ്ങളേയും പുഴകളേയും വെള്ളച്ചാട്ടത്തേയും കാട്ടുപോത്തിനേയും കോൺഡോർ പക്ഷിയേയും ആരാധിച്ച് അമ്മയെപ്പോലെ സ്നേഹിക്കുകയും സംരക്ഷിക്കുകയും ചെയ്ത ആ ജന്മഭൂമിയിൽ എത്രയോ നൂററാണ്ടുകൾ കൊണ്ട് ഉറഞ്ഞുകൂടിയ മേൽമണ്ണിന്റെ ഫലപുഷ്ടിയാണ് അമേരിക്കൻ സംസ്കാരത്തെ യഥാർത്ഥത്തിൽ നിലനിർത്തുന്നത്. അവിടെനിന്നു ധാരാളമായി ഭക്ഷ്യധാന്യം വാങ്ങുന്ന റഷ്യയും ചൈനയും ഉൾപ്പെടെയുള്ള, അന്യരാജ്യക്കാർക്കും ആ പ്രാചീനജനങ്ങളോട് കടപ്പാടുണ്ട്.

## കേരളത്തിൽ

കഴിഞ്ഞ രണ്ടുമൂന്നു തലമുറകൾക്കിടയ്ക്ക് ലോകത്തിലെമ്പാടും സംഭവിച്ച വ്യവസായപരിഷ്കാരത്തിന്റെ വെള്ളപ്പൊക്കം ഇന്ത്യയിലേയ്ക്കും വ്യാപിച്ചിരിക്കുകയാണ്. അതു നല്കുന്ന സൗഭാഗ്യങ്ങളും ആധുനികസൗകര്യങ്ങളും സാധുവായ ഇന്ത്യക്കാരനേയും അങ്ങേയററം ഭ്രമിപ്പിച്ചിരിക്കുന്നു. ഈ രാജ്യത്തിലെ ഭരണകൂടങ്ങളും ഗാന്ധിയേയും കുമരപ്പയേയും അയ്യായിരം വർഷത്തെ പാരമ്പര്യങ്ങളേയും മറന്ന്, ജനങ്ങളുടെ ജീവിതനൗകയെ ഏററവും ഉയർന്ന പടവുകളിൽ കെട്ടിയിട്ട് മിന്നുന്നതും തിളങ്ങുന്നതും തൊട്ടാൽ പൊള്ളുന്നതുമായ പുത്തൻ ചരക്കുകൾ കയററുകയും ഇറക്കുകയും ചെയ്ത് ഉത്കർഷം നേടുവാൻ ശ്രമിക്കുന്നു. പക്ഷേ, ഈ മലവെള്ളം ഇറങ്ങിത്തുടങ്ങി. അമേരിക്കയും യൂറോപ്പും അതു കണ്ട് അന്ധാളിച്ചു നില്ക്കുന്നു. മനുഷ്യൻ ഒന്ന് ഉറങ്ങിത്തെളിയുന്നതിനു മുമ്പ് ഈ വെള്ളമെല്ലാം വലിഞ്ഞുപോകും. അപ്പോൾ നാം ഉയർത്തിക്കെട്ടിയ വള്ളത്തിന്റെ സ്ഥിതി എന്താകുമെന്ന് ആലോചിക്കണം. രണ്ടു കാലവർഷങ്ങൾ വാരിക്കോരി അഭിഷേകം ചെയ്യുന്ന നമ്മുടെ കേരളത്തിൽ ആരുടേയും അദ്ധ്വാനമില്ലാതെ ഉണ്ടായിവന്നതും ചരിത്രാതീതകാലം മുതല്ക്കു നിലനിന്നതും നമ്മുടെ സകല സൗഭാഗ്യങ്ങൾക്കും കാരണഭൂതവുമായ മഴക്കാടുകൾ ജനകീയഭരണത്തിന്റെ ആരംഭത്തിനു ശേഷം നേർപകുതിയായി ചുരുങ്ങി. ഇക്കാര്യത്തിൽ കുഠാരായുധനായ സാക്ഷാൽ പരശുരാമന്റെ വനനശീകരണം എന്ന കഠോരനയം വീണ്ടും പിന്തുടരുവാൻ' നാം തുടങ്ങിയിരിക്കുകയാണ്. കാടു നശിച്ചാലും വിദ്യുച്ഛക്തി വിററ് സമ്പത്തുണ്ടാക്കാം എന്നാണ് ആരോടും ഉത്തരവാദിത്തമില്ലാത്ത വിദഗ്ദ്ധന്മാരുടേയും ചുമതലബോധംകൊണ്ട് വീർപ്പുമുട്ടുന്ന ഭരണാധികാരികളുടേയും ദീർഘസൂത്രം. പക്ഷേ, കാടില്ലെങ്കിൽ വെള്ളവുമില്ല, വൈദ്യുതിയുമില്ല എന്ന ആപത്തുണ്ടാകും. ഇപ്പോൾത്തന്നെ ഇന്നാട്ടിലെ വിദഗ്ദ്ധന്മാരും 'അന്താരാഷ്ട്ര മഹാന്മാരും' തലകുത്തി നിന്ന് ആലോചിച്ച് രൂപകല്പന ചെയ്തു നിർമിച്ച പല സംഭരണികളിലും മഴക്കാലത്തുപോലും വെള്ളമില്ലെന്നും അവയുടെ അടിത്തട്ടിൽ ഇനിയും ദ്രവിക്കാതെ നില്ക്കുന്ന മരമെല്ലാം മുറിച്ചെടുക്കുവാൻ സൗകര്യം ലഭിച്ചിരിക്കുന്നു എന്നും കേൾക്കുന്നു. നയാഗരയും ടെനസ്സീവാലിയും ഉൾപ്പെടെ ജലവൈദ്യുതിയെ ആശ്രയിച്ച് വ്യവസായങ്ങൾ തുടങ്ങിയ പ്രദേശങ്ങളിലെല്ലാം ഏതാനും വർഷങ്ങൾക്കകംതന്നെ കല്ക്കരി കത്തിച്ച് ഊർജം ഉൽപാദിപ്പി

(ശേഷം 48–ാം പേജിൽ)



Digitized by Kerala Sahitya Akademi

